**പതിമൂന്നാം കേരളനിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1842 | 25.03.2013 ന് മറുപടിയ്ക്ക്.

## സോളാർ ഫെൻസിംഗ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) |
| (എ)2012-2013-ലേയ്ക്കുള്ള ബജറ്റിൽ പ്രഖ്യാപിച്ച 'സോളാർ ഫെൻസിംഗ് ഏതെല്ലാം മേഖലകളിൽ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) വന്യമൃഗങ്ങൾ മൂലമുള്ള കൃഷിനാശം ലഘൂകരിക്കുന്നതിന് 'സോളാർ ഫെൻസിംഗ് പദ്ധതി നബാർഡിന്റെ ധനസഹായത്തോടെ വനംവകുപ്പ് വയനാട് ജില്ലയിൽ നടപ്പാക്കി വരുന്നു. |
| (ബി)ഏത് ഏജൻസിയെയാണ് ഇത് സ്ഥാപിക്കുവാൻ ചുമതലപ്പെടുത്തി-യതെന്ന് വ്യക്തമാക്കുമോ; | (ബി) കേരളാ ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ഇത് സ്ഥാപിക്കുവാൻ വനംവകുപ്പ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (സി) 'അനെർട്ട്-നെ ഏതെങ്കിലും പ്രദേശത്ത് സോളാർ ഫെൻസിംഗ് നടത്തുന്നതിന് ചുമതലപ്പെടുത്തി-യിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (സി) വനംവകുപ്പ് ചുമതലപ്പെടുത്തിയിട്ടില്ല. |
| (ഡി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) വയനാട് ജില്ലയിൽ ഉദ്ദേശം 40 കിലോമീറ്റർ ദൂരത്തിൽ സോളാർ ഫെൻസിംഗിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സാമ്പത്തികവർഷം നാളിതുവരെ തുകയൊന്നും വിനിയോഗിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ